സിറാജ്
26 September 2017

# മനുഷ്യച്ചങ്ങല തീർത്ത് സി എം എഫ് ആർ ഐയുടെ ശുചിത്വ ബോധവത്കരണം

കൊച്ചി: പൊതുജനങ്ങൾക്കിടയിൽ ശുചിത്വ ബോധവൽക്കരണം സൃഷ്ടിക്കുന്നതിന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സിഎംഎഫ്ആർഐ) ജീവനക്കാർ മനുഷ്യച്ചങ്ങല തീർത്തു. കേന്ദ്രസർക്കാർ നിർദ്ദേശമനുസരിച്ച് സി എം എഫ് ആർ ഐ നടത്തിവരുന്ന ശുചിത്വ സേവനവാരാചരണത്തിന്റെ ഭാഗമായായിരുന്നു പരിപാടി.

200 ഓളം പേർ മനുഷ്യച്ചങ്ങലയിൽ അണിനിരന്നു. ശുചിത്വവുമായി ബന്ധപ്പെട്ട പ്ലക്കാർഡുകൾ പ്രദർശിപ്പിച്ചു. ഹൈക്കോടതി ജംഗ്ഷനിൽ നിന്ന് ഗോശ്രീ റോഡിൽ സിഎംഎഫ്ആർഐ കെട്ടിടം വരെയുള്ള സ്ഥലത്താണ് മനുഷ്യച്ചങ്ങല തീർത്തത്. ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ നേതൃത്വം നൽകി.

ശുചിത്വ സേവനവാരത്തിന്റെ ഭാഗമായി ശുചിത്വ പ്രതിജ്ഞ, പരിസര ശുചീകരണം എന്നിവയും നടത്തി. മംഗളവന പരിസരം, സിഎംഎഫ്ആർഐയുടെ പരിസരം എന്നിവയാണ് ശുചീകരണം നടത്തിയത്. കൊച്ചി കേന്ദ്രത്തിന് പുറമെ കോഴിക്കോട്, വിഴിഞ്ഞം ഉൾപ്പെടെ സിഎംഎഫ്ആർഐയുടെ രാജ്യത്തിന്റെ വിവധ ഭാഗങ്ങളിലുള്ള മറ്റ് 10 സെന്ററുകളിലും ശുചിത്വ സേവനവാരാചരണം നടന്നുവരുന്നുണ്ട്. ഒക്ടോബർ രണ്ട് വരെ നീണ്ടുനിൽക്കും.



പൊതുജനങ്ങൾക്കിടയിൽ ശുചിത്വ ബോധവൽക്കരണം സൃഷ്ടിക്കുന്നതിനായി സി എം എഫ് ആർ ഐ സംഘടിപ്പിച്ച മനുഷ്യച്ചങ്ങലക്ക് ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ നേതൃത്വം നൽകുന്നു